## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 781** **5.06.2018 -ൽ മറുപടിയ്ക്ക്**

### സ്വദേശ് ദർശൻ, പ്രസാദ് പദ്ധതികൾ

ചോദ്യം — മറുപടി

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : — ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ടൂറിസം കേന്ദ്രങ്ങളുടെ മുഖച്ഛായ മാറ്റിയെടുക്കുവാനുള്ള കേന്ദ്ര പദ്ധതികളായ സ്വദേശ് ദർശൻ, പ്രസാദ് എന്നീ പദ്ധതികളിൽ സംസ്ഥാനത്തുള്ള ഏതൊക്കെ ആത്മീയ കേന്ദ്രങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | എ) | കേന്ദ്ര ടൂറിസം മന്ത്രാലയം സ്വദേശ് ദർശൻ, പ്രസാദ് എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന ആത്മീയ കേന്ദ്രങ്ങളുടെ വികസനത്തിനായി അനുമതി നൽകിയിരുന്നു.<br>1) ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം)<br>2) ശ്രീപത്മനാഭ -ആറന്മുള-ശബരിമല വികസനം<br>3) ഗുരുവായൂർ ക്ഷേത്ര പരിസര വികസനം |
| ബി) | ഈ പദ്ധതി പ്രകാരം ഓരോ മേഖലയ്ക്കും എന്ത് ധനസഹായമാണ് ലഭിക്കുന്നത്; | ബി) | ഈ പദ്ധതി പ്രകാരം താഴെ പറയുന്ന ധനസഹായമാണ് ലഭിക്കുന്നത്.<br>1) ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം) - 9998.92 ലക്ഷം രൂപ<br>2) ശ്രീപത്മനാഭ -ആറന്മുള-ശബരിമല വികസനം -9244.26 ലക്ഷം രൂപ<br>3) ഗുരുവായൂർ ക്ഷേത്ര പരിസര വികസനം- 4614.20 ലക്ഷം രൂപ |
| സി) | സ്വദേശ് ദർശന്റെ ഭാഗമായി സംസ്ഥാനത്തിന് അനുവദിച്ച പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി പദ്ധതി പൂർത്തിയായിട്ടുണ്ടോ; | സി) | പദ്ധതി പ്രവർത്തികൾ അന്തിമ ഘട്ടത്തിലാണ് |
| ഡി) | ഈ പദ്ധതിക്ക് അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര തുകയാണ് പാഴായിട്ടുള്ളതെന്നും അതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ? | ഡി) | പദ്ധതിക്കായി അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ച് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള അവസാനഘട്ട നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ